# ബൂർഷ്വാ സ്നേഹിതൻ

കരുണാകരൻ



ബൂർഷ്വാ സ്നേഹിതൻ
കരുണാകരൻ
(മലയാളം: ചെറുകഥ)

© 2021, Karunakaran

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: The Scream, a painting by Edvard Munch (1863–1944). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ബൂർഷ്വാ സ്നേഹിതൻ

It is always consoling to think of suicide: in that way one gets through many a bad night.

Friedrich Nietzsche

പുലർച്ചയ്ക്ക് എത്തുന്ന വണ്ടിയിൽ രാമുവിന്റെ മൃതദേഹം സ്വീകരിക്കാൻ റയിൽവേസ്റ്റേഷനിൽ രാത്രിയോടെത്തന്നെ എത്തിയതായിരുന്നു സാറ, അവളുടെ കൂടെ അച്ചുവും നിന്നു.

കൊല്ലപ്പെട്ടതിനു ശേഷം അവളുടെ കൂടെയുള്ള അച്ചുവിന്റെ രണ്ടാമത്തെ യാത്രയായിരുന്നു അത്. അത്ര തണുപ്പ് ഇല്ലാതിരുന്നിട്ടും, അവൻ, വിറയ്ക്കുന്നുണ്ടായിരുന്നു. "നീ വല്ലാതെ വിറയ്ക്കുന്നുണ്ടല്ലോ" എന്ന് സാറ പറഞ്ഞപ്പോൾ അച്ചു തലയിലൂടെ ചുമലിലേക്ക് ഇട്ടിരുന്ന വെളുത്ത തുണി പുതപ്പുപോലെ ഒന്നുകൂടി വലിച്ചിട്ടു. "നല്ല തണുപ്പ് തോന്നുന്നു" എന്ന് പറഞ്ഞു. "അത് നീ മരിച്ചതുകൊണ്ടാണ്", സാറ അവനെ നോക്കി ചിരിച്ചു. "എന്നെ നോക്ക്, മരിച്ചിട്ടില്ല, തണുപ്പില്ല, വിറയ്ക്കുന്നുമില്ല".



വാസ്തവത്തിൽ, റെയിൽവേ സ്റ്റേഷനിൽ പുഴുക്കമായിരുന്നു, കാറ്റ് കെട്ടികിടക്കുകയായിരുന്നു, എവിടേയ്ക്കും വീശാതെ.

"നമുക്ക് അവിടെ ബഞ്ചിൽ പോയി ഇരിക്കാം", സാറ പറഞ്ഞു "വണ്ടി വരാൻ ഇനിയും സമയമുണ്ട്".

സാരിയുടെ തലപ്പുകൊണ്ട് സാറ കഴുത്ത് അമർത്തിത്തുടച്ചു, മുഖത്തിനു നേരെ വീശി കാറ്റുണ്ടാക്കി, പിന്നെ ബഞ്ചിൽ ഇരുന്നു. അച്ചു അവളെ വിട്ട് അൽപ്പം മാറി ഇരുന്നു. മരിച്ചവരുടെ അകലം പാലിക്കാൻ എന്ന പോലെ. സാറ അച്ചുവിനെ നോക്കി. അവസാനം എങ്ങനെയാണ് കണ്ടത്, അതേപോലെ ഇരിക്കുന്നു, അവൾ വിചാരിച്ചു. ഒരുപക്ഷേ, നെഞ്ചിനൊ വയറിനൊ താഴെ വെടികൊണ്ടു മരിച്ചതിന്റെ അടയാളമായി ഇപ്പോഴും നനയുന്ന ഒരു തുളയുണ്ടാകം. ചിലപ്പോൾ അത് കരിഞ്ഞിട്ടുമുണ്ടാകം.

"ഇത് എന്റെക്കൂടെയുള്ള നിന്റെ രണ്ടാമത്തെ യാത്രയാണ്, അല്ലെ അച്ചു" സാറ ചോദിച്ചു.

"അതെ, രണ്ടാമത്തെ", അച്ചു പറഞ്ഞു. "ആദ്യത്തേത് നീ ഒരു പാർക്കിൽ ഒറ്റയ്ക്ക് ഇരിക്കുമ്പോഴായിരുന്നു. ഒരു സന്ധ്യക്ക്"

സാറ അവനെ നോക്കി പുഞ്ചിരിച്ചു.

"എനിക്ക് ഓർമ്മയുണ്ട്" സാറ പറഞ്ഞു.

വേറെ എന്തോ കൂടി അച്ചു പറഞ്ഞു. എന്നാൽ അതുവരെയും പ്ലാറ്റ്ഫോമിൽ കിടന്നിരുന്ന വണ്ടി പുറപ്പെടുകയായിരുന്നു, ആ ഒച്ചയിൽ, അച്ചു പറഞ്ഞത് സാറ കേട്ടില്ല.

വണ്ടി സ്റ്റേഷൻ വിടാൻ തുടങ്ങിയപ്പോൾ എന്തിനെന്നറിയാതെ സാറ, പെട്ടെന്ന്, എഴുന്നേറ്റു. വണ്ടിയിൽ അവർ മൂന്നു പേരിൽ, രാമുവോ അച്ചുവൊ താനോ യാത്ര ചെയ്യുന്നില്ലെങ്കിലും, അവരിൽ ആരോ ഒരാൾ യാത്ര ചെയ്യുന്നു എന്ന് തോന്നി. സാറയുടെ കണ്ണുകൾ നനഞ്ഞു. കുറച്ചുനേരം കൂടി വണ്ടി പോകുന്നത് നോക്കി നിന്നു, പിന്നെ അവിടെത്തന്നെ ഇരുന്നു.

അവരുടെ സൗഹൃദത്തിൽ രാമുവിനെ എല്ലാവരും വിളിച്ചിരുന്നത് ബൂർഷ്വാ സ്നേഹിതൻ എന്നായിരുന്നു. അതേ പേരുള്ള പ്രശസ്തമായ ഒരു കഥയുടെ ഓർമ്മയിൽ. അച്ചുവാണ്, പക്ഷേ, ആ പേര് പറഞ്ഞ് സാറയ്ക്ക് രാമുവിനെ പരിചയപ്പെടുത്തിയത്.

"രാമു, ഞങ്ങളുടെ ബൂർഷ്വാ സ്നേഹിതൻ, ചിലപ്പോൾ ഞങ്ങളുടെ പ്രസ്ഥാനത്തിനും, പലപ്പോഴും എനിക്കും പണം നൽകി സഹായിക്കുന്ന ബൂർഷ്വാസി. കോളേജിൽ പഠിപ്പിക്കുന്നു".

രാമു അച്ചുവിനെ നോക്കി പുഞ്ചിരിച്ചു. അതുതന്നെയാണ് തന്റെ പേര് എന്നപോലെ. അല്ലെങ്കിൽ ആ പേര് തനിക്ക് ചേർന്നതാണ് എന്ന് സമ്മതിക്കുന്നപോലെ.

എന്നാൽ, രാമുവിനെ ആദ്യമായി കണ്ടപ്പോഴും പിന്നെയും കണ്ട സമയങ്ങളിലും സാറ ഓർക്കുക ഇയാളായിരുന്നു തന്നെ കല്യാണം കഴിച്ചിരുന്നതെങ്കിൽ ജീവിതം എങ്ങനെയായിരിക്കും എന്നായിരുന്നു. പാതി തമാശയായും പാതി കാര്യമായും. ഒരിക്കൽ അവൾ അത് അച്ചുവിനോടും പറഞ്ഞു. പിന്നൊരിക്കൽ രാമുവിനോടും.

അച്ചു പൊട്ടിച്ചിരിച്ചു.

"തീർച്ചയായും എന്റെ ഭാര്യയായി കഴിയുന്നപോലെ ആവില്ല. അവൻ നിന്നെ ഒരു കാമുകിയെപ്പോലെ കൂടെ നിർത്തും, വളർത്തും, സുന്ദരിയായ വൃദ്ധയാക്കും".

അന്ന് അവരുടെ മൂന്നാമത്തെ വീട്ടുമാറ്റത്തിന്റെ സമയത്തായിരുന്നു. ആ ഒറ്റമുറി ഫ്ലാറ്റ് കിട്ടാൻ ഡിപ്പോസിറ്റിനുള്ള പണം സാറയുടെ പേരിൽ രാമു അയച്ചു കൊടുത്തിരുന്നു. കടമായിട്ട് തന്നാൽ മതി, അവൾ ഫോണിൽ രാമുവിനോട് പറഞ്ഞപ്പോൾ "അങ്ങനെയാവട്ടെ" എന്ന് പറഞ്ഞത് ഇപ്പോൾ അവൾ ഒരിക്കൽക്കൂടി, അതിലും ഒച്ച കുറഞ്ഞ്, കേട്ടു.

വണ്ടി പോയിക്കഴിഞ്ഞപ്പോൾ റയിൽവേ സ്റ്റേഷൻ വിജനമായതുപോലെയായി. അവരുടെ തലയ്ക്കു മുകളിൽ വളരെ ഉയരത്തിൽ തിരിയുന്ന പങ്കയുടെ ഒച്ച ഇപ്പോൾ കുറേക്കൂടി വ്യക്തമായി കേൾക്കാൻ തുടങ്ങിയിരുന്നു. കുറച്ചു ദൂരെ അതുവരെയും നിന്നിരുന്ന ഒരാൾ റയിൽവേ ട്രാക്കിലേക്ക് ഉരസിയിറങ്ങി ട്രാക്കിലൂടെത്തന്നെ നടക്കാൻ തുടങ്ങിയത് കണ്ടപ്പോൾ സാറ മുഖം പിൻവലിച്ചു. അച്ചുവിനെ നോക്കി. "അച്ചു, കുറച്ചുകൂടി അടുത്തേയ്ക്ക് നീങ്ങി ഇരിക്ക്", എന്ന് പറഞ്ഞു.

"ഒന്നുമല്ലെങ്കിലും ഒരിക്കൽ ഈ ഭൂമിയിൽ ഞാൻ നിന്റെ ഭാര്യയായി കഴിഞ്ഞതല്ലെ".

അച്ചു അവളുടെ അരികിലേക്ക് നീങ്ങി ഇരുന്നു. അപ്പോഴും അവൻ അകലം പാലിച്ചു. അപ്പോഴും അവൻ വിറയ്ക്കുന്നുണ്ടായിരുന്നു. ചെറിയ ഒരു ഇലയുടെ മീതെ തന്റെ മരണം ഇപ്പോഴും തങ്ങികിടക്കുകയാണ് എന്നപോലെ.



അച്ചു മരിച്ചുപോയി എന്നതിന്റെ അടയാളമായി ഒരു തീയതിയും ആ വിവരം അറിഞ്ഞ സമയവും മാത്രമായിരുന്നു സാറ ഓർത്തിരുന്നത്. ആ ദിവസമാകട്ടെ, പലപ്പോഴായി അവളുടെ ഉള്ളംകൈകൾ വിയർത്തുമിരുന്നു. പിന്നെ എല്ലാ വർഷവും ആ ദിവസം വരുമ്പോൾ, അന്ന് വാർത്ത കേട്ട അതേ നേരത്ത് ഉണ്ടായപോലെ അവളുടെ ഉള്ളംകൈകൾ വിയർത്തു.

ഇപ്പോൾ ഒരു നിമിഷം അവളുടെ ഉടൽ ചെറുതായി വിറച്ചു. അതിനും അടുത്ത നിമിഷം രണ്ടുകൈകളും ഉടുത്ത വസ്ത്രത്തിൽ അമർത്തിത്തുടച്ച് സാറ ഇളകിയിരുന്നു.

തൊട്ടു മുമ്പ് റെയിൽവെ ട്രാക്കിലേക്ക് ഇറങ്ങിയ ആൾ ഇപ്പോൾ തിരിച്ചു നടക്കുന്നുണ്ടായിരുന്നു.

അച്ചു കൊല്ലപ്പെട്ട ദിവസം അവന്റെ ഒരു ഫോട്ടോ കിട്ടുമോ എന്ന് അന്വേഷിച്ച്, സാറയുടെ ചെങ്ങാതിയും പത്രപ്രവർത്തകയുമായ സൂസൻ തോമസ് അവളെ വിളിച്ചിരുന്നു.

"എനിക്കറിയാം കുറച്ചു വർഷമായി നിങ്ങൾ തമ്മിൽ കണ്ടിട്ട് എന്ന്" സൂസൻ ഫോണിൽ അവളോട് ഒച്ച താഴ്ത്തിക്കൊണ്ടു പറഞ്ഞു.

"ഒൻപതു വർഷം", സാറ പറഞ്ഞു. "പക്ഷേ, ഇപ്പോൾ എനിക്ക് ഒരു പ്രാവശ്യമെങ്കിലും കാണാൻ തോന്നുന്നു". സാറ കരഞ്ഞു.

"ഞാൻ ഇതാ അവിടേക്ക് വരുന്നു" എന്ന് പറഞ്ഞ് സൂസൻ തോമസ് ഫോൺ വെച്ചു.

അച്ചുവിനെ ആദ്യമായി കാണുമ്പോഴും അച്ചുവിനെ വിവാഹം കഴിക്കുമ്പോഴും അച്ചുവുമായി വേർ പിരിയുന്ന ദിവസവും രാമുവും അവരുടെ കൂടെ ഉണ്ടായിരുന്നു. ആദ്യമായി രാമുവിനെ കാണുമ്പോൾ ഇതാണ് ഞങ്ങളുടെ ബൂർഷ്വാ സ്നേഹിതൻ എന്ന് സാറയ്ക്ക് അവനെ പരിചയപ്പെടുത്തി, അവളെ വിവാഹം കഴിക്കുമ്പോൾ രജിസ്റ്റർ ഓഫീസിൽ അച്ചുവിന്റെ കൂടെ രാമുവും ഉണ്ടായിരുന്നു, നമ്മുടെ ബൂർഷ്വാ സ്നേഹിതനാണ് ഇതിനു സാക്ഷി എന്ന് പറഞ്ഞു. സാക്ഷിയായി ഒപ്പിട്ടതിനു താഴെ രാമു അവന്റെ പേര് എഴുതുമ്പോൾ ആ പേര് അച്ചു ബൂർഷ്വാ സ്നേഹിതൻ എന്ന് വായിച്ചപ്പോൾ അന്ന് സാറയ്ക്ക് ചിരി പൊട്ടി.

അവർ തമ്മിൽ വേർപിരിയുന്ന ദിവസം നിനക്ക് എന്തെങ്കിലും ആവശ്യം വരുമ്പോൾ ഇതാ നമ്മുടെ ബൂർഷ്വാ സ്നേഹിതനോടു പറയണം എന്ന് നിർബന്ധമായും രാമു സാറയോട് ആവശ്യപ്പെട്ടു.

ആദ്യത്തെയും രണ്ടാമത്തെയും സന്ദർഭങ്ങളിൽ രാമു അവരെ രണ്ടു പേരെയും നോക്കി പുഞ്ചിരിച്ചു. മൂന്നാമത്തെ സന്ദർഭത്തിൽ രാമു അച്ചുവിനെ മാത്രം നോക്കി നിന്നു. അന്ന് അച്ചുവിനൊപ്പം പോയി.

പിന്നെ ഒരു ദിവസം, വളരെ കാലം കഴിഞ്ഞ്, രാമു അതേ പട്ടണത്തിൽ വന്നപ്പോൾ സാറ ജോലി ചെയ്യുന്ന ബാങ്കിൽ അവളെ കാണാൻ വന്നു. അതും അവളുടെ കൗണ്ടറിനു മുമ്പിൽ നിൽക്കുന്ന ക്യൂവിൽ, ഒരാളായിട്ട്.

അവളുടെ കൗണ്ടറിനു മുമ്പിൽ വന്നു നിന്ന രാമുവിനെ കണ്ട് സാറ ഞെട്ടി എഴുന്നേറ്റു. "എന്താ ഇവിടെ?" എന്ന് ചോദിച്ചു. "അത്ഭുതമായിരിക്കുന്നു"

"വെറുതെ, തന്നെ കാണണം എന്ന് തോന്നി", രാമു പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു. "നിങ്ങൾ ഉള്ള ഈ പട്ടണവും".

ആ സമയം സാറ അച്ചുവിനെയും ഓർത്തു.

അന്ന് വൈകുന്നേരം രാമു അവളുടെ ഫ്ലാറ്റിൽ വന്നു. താൻ വളണ്ടറി റിട്ടയർമെന്റ് എടുത്ത കാര്യം രാമു അവളോട് പറഞ്ഞു. ദില്ലിയിലെ അതേ താമസസ്ഥലത്ത് അതേപോലെ ബൂർഷ്വാസിയായി, ഒറ്റയ്ക്ക്, തുടർന്നും ജീവിക്കാൻ പോകുന്നുവല്ലെ എന്ന് സാറ കളി പറഞ്ഞപ്പോൾ അവളെ നോക്കി രാമു പുഞ്ചിരിച്ചു.

"അങ്ങനെയാണെന്ന് തോന്നുന്നു", രാമു അവളെ നോക്കി പറഞ്ഞു.

പുലർച്ചെയാവുകയായിരുന്നു, ഇപ്പോൾ രാമു വരുന്ന വണ്ടിയുടെ അറിയിപ്പ് കേട്ട്, സാറ വാച്ചിൽ നോക്കി. അരമണിക്കൂർ വൈകിയിരിക്കുന്നു. താനാകട്ടെ എത്രയോ നേരത്തെയും എത്തിയിരിക്കുന്നു. ഒരു ദിവസം മുഴുവൻ അവിടെത്തന്നെ താൻ ഇരിക്കുകയായിരുന്നു എന്ന് തോന്നി.

"വണ്ടി വരുന്നുണ്ട്", സാറ അച്ചുവിനോട് പറഞ്ഞു.

അവളോടൊപ്പം അച്ചുവും എഴുന്നേറ്റു. അവൾ തനിക്ക് ഫോണിൽ വന്ന മെസ്സേജ് ഒന്നുകൂടി വായിച്ചു. മൃതശരീരത്തിനൊപ്പം യാത്ര ചെയ്യുന്ന ആളുടെ പേര് ഒന്നുകൂടി മനസ്സിൽ ഉറപ്പിച്ചു.

അയാൾ തന്നെയാണ് രാമു മരിച്ച വിവരവും അവളോട് ഫോണിൽ പറഞ്ഞത്.

"മേം, നിങ്ങൾ പാർക്കുന്ന പട്ടണത്തിലെ ശ്മശാനത്തിൽ വേണം തന്നെ സംസ്കരിക്കേണ്ടത് എന്ന് സാർ എഴുതി വെച്ചിരുന്നു. മേമിന്റെ പേരും വിലാസവും നമ്പരും എഴുതിയിരുന്നു"...

ഇപ്പോഴും സാറയുടെ ഉള്ളംകൈകൾ വിയർത്തു. ഒപ്പം, ഇനിമുതൽ വരാനിരിക്കുന്ന രണ്ടു ചരമദിനങ്ങൾ, രണ്ടുതരം തണുപ്പുകൾ, അവൾ സങ്കൽപ്പിച്ചു.

"ഞാൻ കാത്തിരിക്കുന്നു" എന്ന് മാത്രം അവൾ അയാളോട് മറുപടി പറഞ്ഞു.

പിന്നെയും രണ്ടോ മൂന്നോ തവണകൂടി അയാൾ വിളിച്ചു. അവിടെ ചെയ്തു തീർക്കേണ്ടുന്ന ചില പേപ്പർ വർക്കുകളെപ്പറ്റി പറഞ്ഞു. മൂന്നാമത്തെ തവണ വിളിച്ചപ്പോൾ അവളുടെ പട്ടണത്തിൽ എത്തുന്ന സമയവും വണ്ടിയുടെ പേരും പറഞ്ഞു.

"അവിടത്തെ കാര്യങ്ങളും ഞങ്ങൾ പറഞ്ഞു വെച്ചിട്ടുണ്ട്, മേം" അയാൾ അവളോട് പറഞ്ഞു.

വാക്കുകൊടുത്തപോലെ, ആ രാത്രി സ്റ്റേഷനിലേക്ക് പുറപ്പെടുമ്പോൾ, ടാക്സിയിൽ ഇരിക്കുമ്പോൾ, സാറ രാമുവിനെ ഓർത്തതിനേക്കാൾ അച്ചുവിനെ ഓർത്തു. രാമുവിന്റെ വേർപാടിനെക്കാൾ അച്ചുവിന്റെ രണ്ടു വേർപാടുകൾ ഓർത്തു.

എന്നാൽ, അവളെ ഒട്ടും അത്ഭുതപ്പെടുത്താതെ, അച്ചു, അവൾക്കും മുമ്പേ റെയിൽവേ സ്റ്റേഷനിൽ സാറയെ കാത്തു നിന്നു. പ്ലാറ്റ്ഫോമിൽ, മങ്ങിയ പ്രകാശമുള്ള വൈദ്യുത വിളക്കിനു താഴെ ഒന്നിലധികം ഏകാന്തതയുള്ള ഒരാളെപ്പോലെ, തന്റെതന്നെ നിഴലിനോട് ചേർന്ന്.

അവളെ കണ്ടപ്പോൾ അച്ചു അടുത്തേയ്ക്ക് വന്നു.

സാറ അവനെ നോക്കി പുഞ്ചിരിച്ചു. മരിച്ചവരുമായുള്ള കൂടിക്കാഴ്ചയെ പറ്റി എന്തോ പറയാൻ മനസ്സിൽ വന്നു. പക്ഷേ, അച്ചുവിന്റെ തണുത്തു വിറച്ചുള്ള നിൽപ്പ് കണ്ടപ്പോൾ അതും വേണ്ടാ എന്ന് വെച്ചു.

വണ്ടിയുടെ ഏറ്റവും പിറകിലെ ഒരു ബോഗിയിൽ നിന്നും രണ്ടു പേർ ഇറക്കി വെയ്ക്കുന്ന ശവപ്പെട്ടി കണ്ടപ്പോൾ സാറ അവിടേക്ക് ഓടി. അവളുടെ പിറകെ എത്താൻ അച്ചുവും ഓടി. ആൾത്തിരക്കിലൂടെ, ആളുകൾക്ക് വഴി കൊടുത്ത്, ഇപ്പോൾ ഓടുന്ന ഈ ഓട്ടമായിരിക്കും തന്റെ ഉള്ളംകൈകളിലെ വിയർപ്പിനൊപ്പം ഇനി ഓർക്കുന്ന മറ്റൊന്ന് എന്ന് സാറയ്ക്ക് അപ്പോൾത്തന്നെ തോന്നി. രണ്ടു മരണങ്ങൾക്ക് ഒപ്പമുള്ള ആ ഓട്ടം, ജീവിക്കുന്നവരെ തൊടാതെയുള്ള ആ ഓട്ടം, അത്രയും ചെറിയ നേരത്തിൽ, അവൾ പല തവണ കണ്ടു.

സാറ തന്റെ നേരെ കൈ കൂപ്പി നിൽക്കുന്ന ചെറുപ്പക്കാരനെ കണ്ടു അവനെ നോക്കി അവളും കൈ കൂപ്പി.

"മേം ഞാനാണ് ഫോണിൽ വിളിച്ചത്" ചെറുപ്പക്കാരൻ പറഞ്ഞു. പിന്നെ തന്റെക്കൂടെ നിൽക്കുന്ന ആളെ പരിചയപ്പെടുത്തി. "ഇത് എന്റെ അച്ഛനാണ്, രാമു സാറിന്റെ സുഹൃത്ത്"...

സാറ അയാളെ നോക്കി കൈ കൂപ്പി. ഒന്നുകൂടി അയാളെ നോക്കി ശവപ്പെട്ടിയിൽ കിടക്കുന്ന രാമുവിന്റെ പ്രായം ഊഹിച്ചു. പിന്നെ തനിക്ക് ഒപ്പം നിൽക്കുന്ന അച്ചുവിനെ അവർക്ക് പരിചയപ്പെടുത്തി.

"അച്ചു. രാമുവിന്റെയും എന്റെയും ചെങ്ങാതി, വിവരം അറിഞ്ഞ് എത്തിയതാണ്".

അച്ചു അവളുടെ അരികിലേക്ക് കുറച്ചുകൂടി നീങ്ങി നിന്നു.

പിറ്റേന്ന് രാവിലെ, ശവസംസ്കാരം കഴിഞ്ഞ്, തന്റെ ഫ്ലാറ്റിലേക്ക് മടങ്ങുമ്പോൾ സാറ, രാമു മരിച്ചത് അന്ന് ആദ്യം ഫോണിൽ ചെറുപ്പക്കാരൻ പറഞ്ഞതും, കുറച്ചു മുമ്പേ അയാളുടെ അച്ഛൻ പറഞ്ഞതും അതേപോലെ മനസ്സിൽ ചിത്രീകരിക്കാൻ ശ്രമിച്ചു.

ആ വൈകുന്നേരത്തോടെ വംശീയ ലഹള പൊട്ടിപ്പുറപ്പെട്ട തെരുവിൽ നിന്നും മരണഭീതിയോടെ ഓടി രക്ഷപ്പെട്ട് എത്തിയ ഒരു യുവാവ് തന്റെ വീട്ടു വാതിൽക്കൽ വന്നു നിൽക്കുന്നത് അൽപ്പം മാത്രം തുറന്ന ജനലിലൂടെ രാമു കണ്ടത്, ആ കാഴ്ച രാമു തന്റെ സുഹൃത്തിനോട് ആ രാത്രിവളരെ വൈകി ഫോണിൽ പറഞ്ഞത്, ഇപ്പോൾ സാറ, ഒരു കഥയിലെ വരികൾ വായിക്കുന്ന പോലെ മന്ത്രിച്ചു:

അൽപ്പം മാത്രം തുറന്ന ജനലിലൂടെ, തന്നെ മറച്ചു പിടിച്ച്, രാമു, യുവാവിനെ കുറച്ചു നേരം നോക്കി. അതിനേക്കാൾ കൂടുതൽ നേരം അവനുവേണ്ടി വാതിൽ തുറക്കണോ എന്ന് ആലോചിച്ചു. എന്നാൽ, അതിനെക്കാൾ വേഗത്തിൽ, അവനെ നാലോ അഞ്ചോ പേർ ഒരാർപ്പോടെ പിടിച്ചുകൊണ്ടുപോകുന്നത് കണ്ടു. രാമു കണ്ടുനിൽക്കുമ്പോൾത്തന്നെ അവരിൽ ഒരാൾ അവന്റെ പാന്റ് വലിച്ചൂരി. രാമു കണ്ടുനിൽക്കുമ്പോൾത്തന്നെ, തെരുവിൽ എത്തിയതും, അവരിൽ ഒരാൾ അവന്റെ വയറിലേക്ക് വെടിവെച്ചു...

രാമു, അവിടെ ജനലിനു താഴെയ്ക്ക് കുഴഞ്ഞു വീണു. അവിടെത്തന്നെ ഇരുന്നു.

ഭയങ്കരമായ പേടിയോടെ. പിറകെ വന്ന ഭയങ്കരമായ ഏകാന്തതയോടെ...

കുറച്ച് കഴിഞ്ഞ്, തന്റെ സ്നേഹിതനെ ഫോണിൽ വിളിച്ച് താൻ കണ്ടതും താൻ ചെയ്യാതിരുന്നതുമായ കാര്യങ്ങൾ പറഞ്ഞു ഫോണിൽ രാമു തേങ്ങിക്കരഞ്ഞു. അയാൾ രാമുവിനെ സമാധാനിപ്പിച്ചു. വാതിലും ജനലുകളും അടച്ച് ഇരിക്കാൻ പറഞ്ഞു.

"നമുക്ക് ഒന്നും ചെയ്യാൻ ഇല്ല രാമു," സ്നേഹിതൻ പറഞ്ഞു "എന്തായാലും രാവിലെതന്നെ ഞാൻ നിന്നെ വന്നു കാണാം"...

"താങ്കൾ വരണം", രാമു ഇടറിയ ഒച്ചയോടെ പറഞ്ഞു. "രാവിലെത്തന്നെ വരണം. ഞാൻ ഇവിടെത്തന്നെയുണ്ടാകും".

പുലർച്ചയോടെ തനിക്ക് പ്രിയപ്പെട്ട സുഹൃത്തിന്റെ പേരും വിലാസവും ഫോൺ നമ്പറും എഴുതി, അതിനു താഴെ തന്റെ ഒരേയൊരു ആശയെഴുതി, ആ കടലാസ് രാമുകീശയിൽ വെച്ചു. പിന്നെ പഴയൊരു ന്യൂസ് പേപ്പറിന്റെ ഒരു പേജ് കീറി എടുത്ത് അതിൽ താൻ മരിക്കാൻ ആഗ്രഹിക്കുന്നു എന്ന് എഴുതി, അതിനു താഴെ ഇത്രയും മതി ഇത്രയും മതി എന്ന് നാലോ അഞ്ചോ തവണ എഴുതി, അതിനു താഴെ, രാമു എന്ന് എഴുതി, ഒപ്പുവെച്ചു, തീയതി എഴുതി, സമയം എഴുതി... പിന്നെ ഫ്ലാറ്റിന്റെ എല്ലാ ജനാലകളും തുറന്നിട്ടു. വാതിൽ തുറന്നിട്ടു. ഇരിപ്പുമുറിയിലെ പങ്കയിൽ കിടക്ക വിരിയെടുത്ത് കെട്ടി തൂങ്ങി മരിച്ചു...

സെമിത്തേരിയിൽ നിന്നുതന്നെ രാമുവിന്റെ സുഹൃത്തും മകനും മടങ്ങിയിരുന്നു.

അവർക്ക് പിറകെ അതേ തെരുവിലേക്ക് അച്ചുവും മടങ്ങി.

അച്ചു നടന്നുപോകുമ്പോൾ ആ ദൂരം അളക്കാൻ എന്നപോലെ നിന്ന നാലോ അഞ്ചോ ഇലക്ട്രിക് പോസ്റ്റുകൾ സാറ എണ്ണി. പിന്നെ, ഒരു ടാക്സിയിൽ തന്റെ ഫ്ലാറ്റിലേക്ക് മടങ്ങി.

ഫ്ലാറ്റിന്റെ വാതിൽ തുറക്കുമ്പോൾ സാറ തന്റെ പിറകെ നിൽക്കുന്ന രാമുവിനോട്, "ഇയാളാണ് എന്നെ കല്ല്യാണം കഴിച്ചിരുന്നതെങ്കിൽ എങ്ങനെയായിരുന്നിരിക്കും ജീവിതം എന്നാണ് ഞാൻ രാമുവിനെ കാണുമ്പോൾ ഓർക്കുന്ന ഒരു സംഗതി" എന്ന് പറഞ്ഞു.



"ഇതാ ഇപ്പോഴും അതാണ് ഓർത്തത്".

വാതിൽ തുറന്ന്, രാമുവിന്റെ മുഖം കാണാൻ സാറ തിരിഞ്ഞു നോക്കി.

രാമു പുഞ്ചിരിച്ചുകൊണ്ട്, തല കുനിച്ച്, നിൽക്കുകയായിരുന്നു. മുമ്പൊരിക്കൽ ഇതേപോലെ ചോദിച്ചപ്പോൾ കണ്ടതുപോലെത്തന്നെ.

സാറയ്ക്ക് ചിരി വന്നു.

□

## കരുണാകരൻ



കഥാകൃത്ത്, നോവലിസ്റ്റ്, കവി, നാടകകൃത്ത്. പാലക്കാട്ട് ജില്ലയിലെ പട്ടാമ്പി സ്വദേശി. പ്രസിദ്ധീകരിച്ച കൃതികൾ മകരത്തിൽ പറഞ്ഞത് (കഥകൾ – പാഠഭേദം), കൊച്ചിയിലെ നല്ല സ്ത്രീ (കഥകൾ – സൈൻ ബുക്സ്), പായക്കപ്പൽ, (കഥകൾ – ഡി. സി. ബുക്സ്) ഏകാന്തതയെ കുറിച്ച പറഞ്ഞു കേട്ടിട്ടല്ലേ ഉള്ളൂ (കഥകൾ – ഡി. സി. ബുക്സ്) അതികുപിതനായ കുറ്റാന്വേഷകനും മറ്റു കഥകളും (കഥകൾ – ഡി. സി. ബുക്സ്), പരസ്യജീവിതം (നോവൽ – ഡി. സി. ബുക്സ്), ബൈസിക്കിൾ തീഫ് (നോവൽ – മാതൃഭൂമി ബുക്സ്), യുദ്ധകാലത്തെ നുണകളും മരക്കൊമ്പിലെ കാക്കയും (നോവൽ – ഡി. സി. ബുക്സ്), യുവാവായിരുന്ന ഒൻപതു വർഷം (നോവൽ – ഡി. സി. ബുക്സ്), യക്ഷിയും സൈക്കിൾ യാത്രക്കാരനും (കവിതകൾ – ഗ്രീൻ ബുക്സ്) ഉടൽ എന്ന മോഹം (ലേഖനങ്ങൾ – ലോഗോ ബുക്സ്). “യുവാവായിരുന്ന ഒൻപതു വർഷം” എന്ന നോവലിന് ഹൈദരാബാദിലെ നവീന കലാ സാംസ്കാരിക കേന്ദ്രത്തിന്റെ “ഒ. വി. വിജയൻ പുരസ്കാരം” ലഭിച്ചു. കുവൈറ്റിലെ ഒരു സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു.

ചിത്രീകരണം: വി. പി. സുനിൽകുമാർ

RIVER VALLEY
DIGITAL LIBRARY
*empowering the author ...*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്ഗിറ്റ് | 25 |

- എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്കു്/സുഹൃത്തുക്കൾക്കു് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014